(ബി) റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകൾ എത്രയാണെന്നും നിലവിലുള്ള ലിസ്റ്റിൽനിന്നും എത്രപേർക്ക് ഇതിനകം അഡ്വൈസ് മെമ്മോ അയച്ചുവെന്നും വ്യക്തമാക്കുമോ;

(സി) അടുത്ത മൂന്നു മാസത്തിനുള്ളിൽ കാലാവധി തീരുന്ന ലിസ്റ്റുകൾ ഏതൊക്കെയാണെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ—സി) വിവരം ശേഖരിച്ചു വരുന്നു.

പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ

14 [14] ശ്രീ. പി. ജെ. ജോയി:
,, ജോർജ് ജെ. മാത്യു:
,, കെ. സി. ജോസഫ്:
ശ്രീമതി മാലേത്ത് സരളാദേവി:
ശ്രീ. ടി. എൻ. പ്രതാപൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ഉദ്യോഗ നിയമനത്തിനായി എഴുത്തുപരീക്ഷ നടത്തിയശേഷമോ, എഴുത്തുപരീക്ഷയും ഇന്റർവ്യൂവും നടത്തിയശേഷമോ എത്ര റാങ്ക് ലിസ്റ്റുകൾ പരസ്യപ്പെടുത്തി;

(ബി) ഇതിൽ എത്രയെണ്ണത്തെ സംബന്ധിച്ച് അഴിമതിയും ക്രമക്കേടുകളും ആരോപിക്കപ്പെടുകയുണ്ടായി;

(സി) ഏതെല്ലാം റാങ്ക് ലിസ്റ്റുകളെ സംബന്ധിച്ചാണ് അഴിമതിയും ക്രമക്കേടുകളും ആരോപിക്കപ്പെട്ടതെന്ന് കാണിക്കുന്ന സ്റ്റേറ്റ്മെന്റ് മേശപ്പുറത്ത് വയ്ക്കുമോ;

(ഡി) ഏതെല്ലാം റാങ്ക് ലിസ്റ്റുകളെ സംബന്ധിക്കുന്ന ആരോപണത്തിൻമേൽ അന്വേഷണം നടത്തി?

ഉത്തരം

(എ—ഡി) വിവരം ശേഖരിച്ചു വരുന്നു.

വനിതാ പോലീസ് റാങ്ക് ലിസ്റ്റ് കാലാവധി ദീർഘിപ്പിക്കുന്നതിനു നടപടി

15 [15] ശ്രീ. ഉമേഷ് ചള്ളിയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിതാ പോലീസ് തസ്തികയിലേയ്ക്കുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്നുവരെയുണ്ടായിരുന്നെന്ന് വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത ലിസ്റ്റ് എത്രകാലം പ്രാബല്യത്തിലുണ്ടായിരുന്നു;

(സി) മിക്കവാറും എല്ലാ പി.എസ്.സി. ലിസ്റ്റുകൾക്കും നാലഞ്ചുവർഷംവരെ കാലാവധി ദീർഘിപ്പിച്ചു നൽകിയിട്ടും വനിതാ പോലീസ് റാങ്ക് ലിസ്റ്റ് ദീർഘിപ്പിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധി എത്രതവണ ദീർഘിപ്പിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഇ) തന്മൂലം റാങ്ക് ലിസ്റ്റിന് എത്രദിവസം കൂടുതൽ ലഭിച്ചു;

(എഫ്) പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് ഗവൺമെന്റ് പി.എസ്.സി.-യോട് ആവശ്യപ്പെട്ടിരുന്നോ; എങ്കിൽ കോപ്പി ലഭ്യമാക്കുമോ;

(ജി) മാനുഷിക പരിഗണനവെച്ച് ഈ ലിസ്റ്റിന്റെ കാലാവധി ദീർഘിപ്പിക്കുന്ന കാര്യം പുനഃപരിശോധിക്കുമോ?

ഉത്തരം

(എ—ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(എഫ്) ആവശ്യപ്പെട്ടിരുന്നു. പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ജി) അന്തിമതീരുമാനം കേരള പബ്ലിക് സർവ്വീസ് കമ്മീഷനാണ് സ്വീകരിക്കേണ്ടത്.

സബ് ഇൻസ്പെക്ടർ തസ്തികയിലേക്ക് നിയമനം ലഭിച്ചവരുടെ എണ്ണം

16 [16] ശ്രീ. സി. മമ്മൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പോലീസ് വകുപ്പിൽ സബ് ഇൻസ്പെക്ടർ തസ്തികയിലേക്ക് പുതുതായി എത്രപേരെ നിയമിച്ചു;

(ബി) സബ് ഇൻസ്പെക്ടർ തസ്തികയിലേക്ക് നിയമനത്തിന് തെരഞ്ഞെടുക്കപ്പെട്ടവരുടെ കെ.പി.എസ്.സി. ലിസ്റ്റ് നിലവിലുണ്ടോ;

(സി) എങ്കിൽ ഇതിൽനിന്നും എത്രപേർക്ക് നിയമനം നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പോലീസ് വകുപ്പിൽ 528 സബ് ഇൻസ്പെക്ടർമാരെ പുതുതായി നിയമിച്ചിട്ടുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം 7

[നക്ഷത്രചിഹ്നമിടാത്ത ചോദ്യം 15 (15) ദയവായി കാണുക]

നമ്പർ 11036/ഉപസി3/03/ഉപഭവ.

ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര (ഉപദേശ സി) വകുപ്പ്,
തിരുവനന്തപുരം,
6-4-2004.

പ്രിൻസിപ്പൽ സെക്രട്ടറി

സെക്രട്ടറി,
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ,
പട്ടം, തിരുവനന്തപുരം.

സർ,

വിഷയം.—റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടുന്നത് സംബന്ധിച്ച്.

സൂചന.—1. കെ.പി.എസ്.സി.-യുടെ 7-9-2002-ലെ എ5(2)4182/2002/ജിഡബ്ലിയു നമ്പറിലുള്ള വിജ്ഞാപനം

2. കെ.പി.എസ്.സി.-യുടെ 1-4-2003-ലെ എ5(2)4182/2002/ജിഡബ്ലിയു നമ്പറിലുള്ള വിജ്ഞാപനം.

3. താങ്കളുടെ 26-3-2004-ലെ എ5(2)4182/02/ഗ.വി. നമ്പറിലുള്ള കത്ത്.

4. സർക്കാരിന്റെ ഇതേ നമ്പറിലുള്ള 26-3-2004-ലെയും 3-4-2004-ലെയും കത്തുകൾ.

സൂചനയിലെ കത്തുകളിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. റാങ്ക്‌ലിസ്റ്റുകളുടെ കാലാവധി തീരുന്ന 4-2-2004-നു ശേഷം സർക്കാരിൽ നിന്നുമുള്ള കത്ത് ലഭിച്ചതിനാൽ 4-2-2004-ന് കാലാവധി അവസാനിപ്പിച്ച റാങ്ക്‌ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിക്കാൻ കഴിയുകയില്ല എന്നാണ് സൂചന 3-ലെ കത്തിൽ താങ്കൾ അറിയിച്ചിരിക്കുന്നത്. എന്നാൽ ഇതിനുമുൻപ് രണ്ട് പ്രാവശ്യം റാങ്ക്‌ലിസ്റ്റുകളുടെ കാലാവധി നീട്ടിക്കൊണ്ട് സൂചന 1-ലെയും 2-ലെയും വിജ്ഞാപനങ്ങൾ കമ്മീഷൻ പുറപ്പെടുവിച്ചത് റാങ്ക്‌ലിസ്റ്റുകളുടെ കാലാവധി തീർന്ന് മാസങ്ങൾക്കുശേഷമാണ്. 6-2-2002-ൽ കാലാവധി തീർന്ന് റാങ്ക് ലിസ്റ്റുകളുടെ കാലാവധി 5-2-2003 വരെ നീട്ടിക്കൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചത് 7-9-2002-ലും, 6-2-2003-ൽ കാലാവധി തീർന്ന റാങ്ക്‌ലിസ്റ്റുകളുടെ കാലാവധി 5-8-2003 വരെ നീട്ടിക്കൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചത് 1-4-2003-ലും ആണ്. അതിനാൽ ഇപ്രാവശ്യവും അങ്ങനെ ചെയ്യുന്നതിന് മേൽപ്പറഞ്ഞ കാരണം ഒരു തടസ്സമായി കാണുന്നില്ല. ആവശ്യമായ നടപടികൾ സ്വീകരിച്ച് ഒരു മറുപടി അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

കെ. ജി. സരള,
അഡീഷണൽ സെക്രട്ടറി,
പ്രിൻസിപ്പൽ സെക്രട്ടറിക്കുവേണ്ടി.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം 7—(തുടർച്ച)

നമ്പർ 11036/ഉപസി3/03/ഉഭപവ.

ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര
(ഉപദേശ-സി) വകുപ്പ്,
തിരുവനന്തപുരം,
4-5-2004.

പ്രിൻസിപ്പൽ സെക്രട്ടറി

സെക്രട്ടറി,
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ,

സർ,

വിഷയം.—റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടുന്നത് സംബന്ധിച്ച്.

സൂചന.—സർക്കാരിന്റെ ഇതേ നമ്പറിലുള്ള 6-4-2004-ലെയും 13-4-2004-ലെയും കത്തുകൾ.

സൂചനയിലെ കത്തുകളിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. 4-2-2004-ൽ കാലാവധി അവസാനിച്ച റാങ്ക്‌ലിസ്റ്റുകളുടെയും 5-2-2004-നും 3-4-2004-നും ഇടയ്ക്ക് കാലാവധി തീരുന്ന റാങ്ക് ലിസ്റ്റുകളുടെയും കാലാവധി നീട്ടണമെന്ന് സൂചനയിലെ കത്തുകൾപ്രകാരം സർക്കാർ ആവശ്യപ്പെട്ടിരുന്നു. ഇത് സംബന്ധിച്ച കമ്മീഷന്റെ തീരുമാനം താമസംവിനാ ലഭ്യമാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,
ബി. ഗീതാദേവി,
ഡെപ്യൂട്ടി സെക്രട്ടറി,
പ്രിൻസിപ്പൽ സെക്രട്ടറിക്കുവേണ്ടി.

നമ്പർ 11036/ഉപസി3/03/ഉഭപവ.

ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര
(ഉപദേശ-സി) വകുപ്പ്,
തിരുവനന്തപുരം,
13-4-2004.

പ്രിൻസിപ്പൽ സെക്രട്ടറി

സെക്രട്ടറി,
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ,
പട്ടം, തിരുവനന്തപുരം

സർ,

വിഷയം.—റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടുന്നത് സംബന്ധിച്ച്.

സൂചന.—താങ്കളുടെ 5-4-2004-ലെ എ(2)4182/02/ഗ.വി. നമ്പർ കത്ത്.

സൂചനയിലെ കത്തിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. 3-4-2004-നു ശേഷം കാലാവധി തീരുന്ന റാങ്ക് ലിസ്റ്റുകളുടെ കാലാവധി 31-12-2004 വരെ നീട്ടാൻ കമ്മീഷൻ തീരുമാനിച്ചു എന്നാണ് സൂചനയിലെ കത്ത് പ്രകാരം താങ്കൾ

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം 7—(തുടർച്ച)

അറിയിച്ചിരിക്കുന്നത്. എന്നാൽ 5-2-2004-നും 3-4-2004-നും ഇടയ്ക്കുള്ള കാലയളവിൽ കാലാവധി തീരുന്ന റാങ്ക് ലിസ്റ്റുകളിൽപ്പെട്ടവർക്ക് ഈ ആനുകൂല്യം ലഭിക്കുന്നില്ല. ഇത് വിവേചനപരവും നീതി നിഷേധിക്കുന്നതുമാണെന്ന് ജനപ്രതിനിധികളിൽ നിന്നടക്കം നിരവധി നിവേദനങ്ങൾ കിട്ടിയിട്ടുള്ളതിനാലാണ് ടി കാലയളവിൽ കാലാവധി തീരുന്ന റാങ്ക്ലിസ്റ്റുകളടക്കം എല്ലാ റാങ്ക്ലിസ്റ്റുകളുടേയും കാലാവധി നീട്ടണമെന്ന് സർക്കാർ ശുപാർശ ചെയ്തിരുന്നത്. അതനുസരിച്ചുള്ള അനന്തര നടപടിയും ഉടനെ ഒരു മറുപടിയും പ്രതീക്ഷിക്കുന്നു.

വിശ്വസ്തതയോടെ,

(ഒപ്പ്)

അഡീഷണൽ സെക്രട്ടറി,

പ്രിൻസിപ്പൽ സെക്രട്ടറിക്കുവേണ്ടി.

അനുബന്ധം 8

[നക്ഷത്രചിഹ്നമിടാത്ത ചോദ്യം 33 (33) ദയവായി കാണുക]

ജില്ല	ജനസംഖ്യ 1991	ജനസംഖ്യ 2001	വർദ്ധനവ് നിരക്ക്
തിരുവനന്തപുരം	2946650	3234356	9.76
കൊല്ലം	2407566	2585208	7.38
പത്തനംതിട്ട	1188332	1234016	3.84
ആലപ്പുഴ	2001217	2109160	5.39
കോട്ടയം	1828271	1953646	6.85
ഇടുക്കി	1078066	1129221	4.75
എറണാകുളം	2817236	3105798	10.24
തൃശ്ശൂർ	2737311	2974232	8.66
പാലക്കാട്	2382235	2617482	9.88
മലപ്പുറം	3096330	3625471	17.09
കോഴിക്കോട്	2619941	2879131	9.89
വയനാട്	672128	780619	16.14
കണ്ണൂർ	2251727	2408956	6.98
കാസർഗോഡ്	1071508	1204078	12.37
കേരളം ആകെ	29098518	31841374	9.43

LIBRARY ARCHIVES Kerala Legislative Assembly